കത്തുകൾ

# ജമാഅത്ത് നയത്തിന്റെ വിജയം

**223** മണ്ഡലങ്ങളിൽ കോൺഗ്രസിന് വോട്ട് ചെയ്ത്, വർഗീയ ഫാഷിസത്തിനെതിരെ ലോക്സഭാ തെരഞ്ഞെടുപ്പിൽ ജമാഅത്തെ ഇസ്‌ലാമി സ്വീകരിച്ച നിലപാട് അംഗീകരിക്കപ്പെട്ടിരിക്കുന്നു. 545 മണ്ഡലങ്ങളിൽ 419 മണ്ഡലങ്ങളിലാണ് ജമാഅത്ത് സ്ഥാനാർഥികളെ പിന്തുണച്ചത്. കോൺഗ്രസിന് മാത്രം 223 മണ്ഡലങ്ങളിലാണ് ജമാഅത്ത് വോട്ട് ചെയ്തത്. ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗ് മത്സരിച്ച വിജയസാധ്യതയുള്ള മൂന്ന് മണ്ഡലങ്ങളിൽ രണ്ടിലും ജമാഅത്ത് പിന്തുണ നൽകി. ശേഷിക്കുന്ന മണ്ഡലങ്ങളിൽ ഫാഷിസത്തിനെതിരെ മതേതര വോട്ടുകൾ ഭിന്നിക്കാതിരിക്കാൻ വിജയസാധ്യതയുള്ള സെക്യുലർ പാർട്ടികളെ പിന്തുണച്ചു.

പതിനഞ്ചാം ലോക്സഭയിൽ സ്വന്തം നിലക്ക് ഭൂരിപക്ഷമില്ലാത്ത കോൺഗ്രസ് നേതൃത്വത്തിലുള്ള ഒരു മതേതര ഗവൺമെന്റ് അധികാരത്തിൽ വരണം എന്നുതന്നെയാണ് ജമാഅത്ത് ആഗ്രഹിച്ചതെന്ന് 223 മണ്ഡലങ്ങളിൽ അവർക്ക് പിന്തുണ നൽകിയതിൽനിന്ന് വ്യക്തമാണ്. ജമാഅത്ത് വോട്ട് ചെയ്ത കോൺഗ്രസിതര പാർട്ടികളിൽ ചിലർ യു.പി.എയുടെ ഭാഗമാണ്. മറ്റു ചിലർ വർഗീയ ഫാഷിസ്റ്റുകളെ അധികാരത്തിൽനിന്ന് മാറ്റിനിർത്താൻ യു.പി.എയെ പിന്തുണക്കാൻ സന്നദ്ധതയുള്ളവരുമാണ്. മാനവികത ഉയർത്തിപ്പിടിക്കുന്ന ജമാഅത്തെ ഇസ്‌ലാമി വർഗീയശക്തികളുടെ അധികാരപ്രവേശം തടയാൻ പ്രതിജ്ഞാബദ്ധമാണെന്നതിന്റെ തെളിവാണിത്. പതിനാലാം ലോക്സഭയിൽ ബി.ജെ.പി നേതൃത്വത്തിലുള്ള എൻ.ഡി.എ അധികാരത്തിലെത്താതിരിക്കാൻ ഇടതുപക്ഷമുൾപ്പെടെയുള്ള പാർട്ടികളിൽ സമ്മർദം ചെലുത്തി യു.പി.എക്ക് പിന്തുണ നൽകുന്ന അവസ്ഥ സൃഷ്ടിച്ചതിലും ജമാഅത്തിന് അതിന്റേതായ പങ്കുണ്ട്. കേരളത്തിൽ 18 മണ്ഡലങ്ങളിലും പശ്ചിമ ബംഗാളിൽ ഏഴ് മണ്ഡലങ്ങളിലും ഇടതുപക്ഷത്തെ പിന്തുണക്കാൻ ജമാഅത്ത് തീരുമാനിച്ചത്, കോൺഗ്രസ്സിന്റെ സാമ്രാജ്യത്വ അനുകൂല നയങ്ങളെ നിയന്ത്രിക്കാൻ ഇടതുപക്ഷ മതേതര കക്ഷികളുടെ ഒരു സമ്മർദശേഷി പാർലമെന്റിലുണ്ടാകണം എന്ന ആഗ്രഹത്തോടെയായിരുന്നു. കേരളത്തിലെ തെരഞ്ഞെടുപ്പ് നയം വിശദീകരിച്ച ജമാഅത്ത് അമീറിന്റെ അഭിമുഖത്തിന്റെ തലക്കെട്ടുതന്നെ 'ഇടതു മതേതര സമ്മർദശേഷി ശക്തിപ്പെടണം' എന്നായിരുന്നു. കേരളത്തിൽ പക്ഷേ, ഇടതുപക്ഷം നാലു സീറ്റിലൊതുങ്ങി ഗംഭീരമായി പരാജയം ഏറ്റുവാങ്ങിയത്, സ്വയംകൃതാനർഥം തന്നെയാണെന്ന് വ്യക്തം. ഇടതുമുന്നണി ഭരണകൂടത്തിന്റെ നയവൈകല്യങ്ങൾ, മുന്നണിയിലെ ആഭ്യന്തര പ്രശ്നങ്ങൾ, സി.പി.എം നേതാക്കളുടെ അഴിമതി തുടങ്ങിയവയാണതിന്റെ മുഖ്യ കാരണങ്ങൾ.

മറ്റൊരു പ്രശ്നം മുസ്‌ലിം ലീഗിന്റേതാണ്. ഇ. അഹ്മദിനെ എന്തുകൊണ്ട് പിന്തുണച്ചില്ല എന്ന് ലീഗ് നേതൃത്വത്തെ ബോധ്യപ്പെടുത്താൻ ജമാഅത്തെ ഇസ്‌ലാമിക്കായിട്ടുണ്ട്. എന്നു മാത്രമല്ല, ലീഗിൽതന്നെ ഒരു വിഭാഗത്തിന് ആ വിഷയം നന്നായി അറിയുകയും ചെയ്യാം. 'മുസ്‌ലിം' ലീഗിന് വോട്ട് പതിച്ചുകൊടുക്കാൻ ചില മതസംഘടനകളെപ്പോലെ ജമാഅത്ത് ലീഗിന്റെ പോഷക സംഘടനയൊന്നുമല്ലല്ലോ?

എ.പി അലിഅക്ബർ എണ്ണപ്പാടം




## സംഘ് ഭീകരതയെ പ്രതിരോധിക്കുമ്പോൾ

**രാജ്യത്തിന്റെ** സമസ്ത മേഖലകളെയും വരിഞ്ഞുമുറുക്കിയ സംഘ്പരിവാറിന്റെ വിശ്വരൂപം തുറന്നുകാണിക്കുന്ന സദ്റുദ്ദീൻ വാഴക്കാടിന്റെ കവർസ്റ്റോറി ശ്രദ്ധേയമായി. ഓരോ രാജ്യസ്നേഹിക്കും സംഘ്പരിവാറിന്റെ പ്രവർത്തനങ്ങളെ ഭീതിയോടെയല്ലാതെ നോക്കിക്കാണാൻ കഴിയില്ല. വളരെ ആസൂത്രിതവും ബോധപൂർവവുമായ പ്രവർത്തനങ്ങളിലൂടെ കിട്ടുന്ന അവസരങ്ങളെല്ലാം അവർ ഫലപ്രദമായി ഉപയോഗിക്കുന്നു. ഈ സംഘ്ഭീകരതക്ക് മുമ്പിൽ ന്യൂനപക്ഷങ്ങളും ദലിതുകളും പലപ്പോഴും നിസ്സഹായരാകുന്നു. ഇങ്ങനെയൊക്കെയാണെങ്കിലും ഇന്ത്യയിലെ ബഹുഭൂരിപക്ഷം ജനങ്ങളും സംഘ് മനഃസ്ഥിതിയുള്ളവരല്ല എന്നത് മനുഷ്യസ്നേഹികൾക്ക് സന്തോഷം നൽകുന്ന കാര്യമാണ്. പക്ഷേ ഹിന്ദുത്വ ഭീകരതയെ പ്രതിരോധിക്കുന്നതിനായി രാജ്യം എന്തു ചെയ്യുന്നുവെന്നത് ചിന്തിക്കേണ്ടതുതന്നെ. തെരഞ്ഞെടുപ്പിൽ സംഘ്ശക്തികളെ തോൽപിച്ചു എന്നതുകൊണ്ട് തീരുന്നതല്ല സംഘ്പരിവാറിന്റെ പ്രത്യയശാസ്ത്ര സ്വാധീനം എന്നത് ശരി. അതിനു പോലും പരസ്പര മാത്സര്യത്തിലേർപ്പെടുന്ന മതേതര ശക്തികൾക്ക് സാധ്യമാകുന്നില്ലല്ലോ എന്നതാണ് ദുഃഖകരം.

സംഘ്ഭീകരതയെ അതേ നാണയത്തിൽ തിരിച്ചടിക്കാൻ ഇറങ്ങിപ്പുറപ്പെട്ട ന്യൂനാൽ ന്യൂനപക്ഷം രാജ്യത്ത് സംഘ്ശക്തികളെ കായികമായി നേരിടാൻ ശ്രമിച്ചപ്പോഴൊക്കെ സമുദായത്തിന് എന്തു നേട്ടമുണ്ടായി എന്ന് രണ്ടു വട്ടം ആലോചിക്കേണ്ടതാണ്.

നീണ്ട വർഷങ്ങളെടുത്ത് വളരെ ആസൂത്രിതവും വ്യവസ്ഥാപിതവുമായ പ്രവർത്തനങ്ങളിലൂടെ രാജ്യത്തിന്റെ സകല മേഖലകളെയും കൈയടക്കിയ സംഘ്ഭീകരതയെ ഫലപ്രദമായി എങ്ങനെ പ്രതിരോധിക്കാം എന്നതിനെക്കുറിച്ച് രാജ്യത്തോടും മനുഷ്യത്വത്തോടും പ്രതിബദ്ധതയുള്ളവർ ഉണർന്നു ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. മത രാഷ്ട്രീയ സാംസ്കാരിക മേഖലകളിൽ പ്രവർത്തിക്കുന്ന മുഴുവൻ പേരും ഈ വിപത്തിനെ നേരിടാനുള്ള പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുമെന്ന് പ്രത്യാശിക്കാം.

**ശമീറുൽ ഹഖ് തിരുത്തിയാട്, അൽഐൻ**

# കേന്ദ്രഭരണത്തെക്കുറിച്ച ആശങ്കകൾ

**ജനാധിപത്യ** സംവിധാനത്തിൽ ജയപരാജയങ്ങൾ പുതുമയുള്ളതല്ല. ഇന്നലെത്തെ പ്രതിപക്ഷം ഇന്ന് ഭരണപക്ഷവും ഇന്നത്തെ ഭരണപക്ഷം നാളത്തെ പ്രതിപക്ഷവുമായി വരുന്നതിലൂടെ സാധിക്കുന്ന സന്തുലനവും ശുദ്ധീകരണവും അമിതാധികാര പ്രമത്തതയെ നിയന്ത്രിക്കാൻ സഹായകമാണ്. ഇത് ജനാധിപത്യത്തിന്റെ രചനാത്മകമായ വശമാണ്.

ഇപ്പോൾ കോൺഗ്രസ് നേതൃത്വത്തിലുള്ള യു.പി.എക്ക് ലഭിച്ച വർധിച്ച പിന്തുണക്ക് രണ്ട് വശമുണ്ട്. ഫാഷിസ്റ്റ് ദുശ്ശക്തികളെ അധികാരത്തിൽനിന്ന് അകറ്റാനായി എന്നത് ഗുണവശമാണ്. എന്നാൽ കോൺഗ്രസ് നേതൃത്വത്തിന് മുൻകാലങ്ങളിലെന്ന പോലെ അഹന്തയും നയവൈകല്യങ്ങളും ബാധിക്കാനിടയുണ്ടെന്നത് ദോഷ വശമാണ്. അരനൂറ്റാണ്ട് കാലം ഇന്ത്യ ഭരിച്ചത് കോൺഗ്രസ്സായിരുന്നു. ഇന്ന് ഇന്ത്യയെ അസ്വസ്ഥമാക്കുന്ന ദാരിദ്ര്യത്തിനും അഴിമതിക്കും ന്യൂനപക്ഷ പിന്നാക്കാവസ്ഥക്കും മുഖ്യ ഉത്തരവാദി കോൺഗ്രസ്സാണ്. സച്ചാർ കമ്മിറ്റിയെ നിയമിച്ച് ന്യൂനപക്ഷത്തിന്റെ ദയനീയ പിന്നാക്കാവസ്ഥ അടയാളപ്പെടുത്തിയെന്ന വായ്ത്താരിയുടെ മറുവശം ഗതകാല കോൺഗ്രസ് ദുർഭരണത്തിന്റെ തിക്തഫലമാണ് ന്യൂനപക്ഷ പിന്നാക്കാവസ്ഥ എന്നത് കൂടിയാണ്. ന്യൂനപക്ഷ പിന്നാക്ക വിഭാഗങ്ങൾ അക്കാരണത്താൽ കോൺഗ്രസ്സിൽനിന്ന് അകലാനിടയായി.

കഴിഞ്ഞ പൊതുതെരഞ്ഞെടുപ്പിലും ഇത്തവണയും ന്യൂനപക്ഷം വർഗീയ ഭീഷണിയുടെ നിസ്സഹായാവസ്ഥയിൽ കോൺഗ്രസ്സിനെ പിന്തുണക്കാൻ നിർബന്ധിതരായി. കഴിഞ്ഞ യു.പി.എ ഭരണകാലത്ത് ഭീകരവേട്ടയുടെ മറവിൽ നടന്ന ന്യൂനപക്ഷ ഹത്യകളും മുസ്‌ലിംകളെ സംശയത്തിന്റെ കരിനിഴലിലാക്കാനുള്ള കുത്സിത യത്നങ്ങളും രാഷ്ട്രതാൽപര്യത്തിന് ഹാനികരമായ ആണവകരാറും ഇസ്രയേലനുകൂല വിദേശനയങ്ങളും അമേരിക്കൻ വിധേയത്വവും സാമ്രാജ്യത്വത്തിനും മുതലാളിത്തത്തിനും മണ്ണൊരുക്കുന്ന നയനിലപാടുകളുമെല്ലാം തികച്ചും ശരിയായിരുന്നുവെന്ന വ്യാഖ്യാനമാണ് കോൺഗ്രസ്സും ലീഗും മറ്റു യു.പി.എ വിഭാഗങ്ങളും തെരഞ്ഞെടുപ്പ് ഫലത്തിന് നൽകുന്നത്.

പിന്നാക്ക ന്യൂനപക്ഷ വിഭാഗങ്ങളും രാജ്യസ്നേഹികളായ ചിന്താശീലരും നിസ്സഹായാവസ്ഥയിൽ വളരെ വലിയ അപകടം ഒഴിവാക്കാൻ ഒരനിവാര്യ തിന്മയെന്ന നിലക്ക് നൽകുന്ന പിന്തുണയെ തെറ്റായ നയനിലപാടുകൾക്കുള്ള അംഗീകാരമായി തെറ്റിദ്ധരിച്ച് അഹന്തപൂർവം മുൻകാല തെറ്റുകൾ തുടരാനാണിട. കഴിഞ്ഞ യു.പി.എ സർക്കാർ അൽപമെങ്കിലും നിലവാരം പുലർത്തിയത് അതിന് ഒരളവോളമെങ്കിലും മൂക്ക് കയറിടുന്ന ഇടതുപക്ഷ സാന്നിധ്യം ഉണ്ടായിരുന്നതിനാലാണ്. പതിനഞ്ചാം ലോക്സഭയിൽ കോൺഗ്രസ്സിനെ നിയന്ത്രിക്കാനാളില്ലാത്ത അവസ്ഥ വന്നത് ആശങ്കാജനകമാണ്. ബാധ്യതകളില്ലാത്ത (അവരുടെ ഭാഷയിൽ ശല്യം ചെയ്യാത്ത) പിന്തുണയേ കോൺഗ്രസ് ആഗ്രഹിക്കുന്നുള്ളൂവെന്നത് കോൺഗ്രസ്സിന്റെ ഉള്ളിലിരിപ്പ് വിളിച്ചോതുന്നു. മൻമോഹൻ സിംഗും സോണിയയും ശശിതരൂരും കെ.വി തോമസും ഇ. അഹ്മദും അഹ്‌ലുവാലിയയുമൊക്കെ ചേർന്നാൽ എന്തൊക്കെയാണാവോ സംഭവിക്കുക! മാധ്യമങ്ങൾ ഇഷ്യൂകളെ അട്ടിമറിച്ചതും ദേശീയ പ്രാധാന്യമുള്ള ആണവകരാർ, തെറ്റായ വിദേശനയം, അമേരിക്കൻ വിധേയത്വം, സാമ്പത്തിക പ്രതിസന്ധി തുടങ്ങിയ സുപ്രധാന കാര്യങ്ങൾ ചർച്ച ചെയ്യപ്പെടാതെ പോയത് എന്തുകൊണ്ടായിരിക്കാം? എട്ടൊമ്പത് വർഷം മുമ്പുള്ള ലാവ്‌ലിൻ അഴിമതി വൻ ചർച്ചാ വിഷയമായപ്പോൾ, ബോഫോഴ്സ് കോഴയിലെ ഇടനിലക്കാരൻ ക്വത്‌റോച്ചി ഊരിപ്പോയതും ഏറ്റവുമൊടുവിൽ എ.കെ ആന്റണിയുടെ പ്രതിരോധ വകുപ്പിൽ നടന്ന തൊള്ളായിരം കോടി രൂപയുടെ അഴിമതിയും ഉൾപ്പെടെ പലതും തമസ്കരിക്കപ്പെട്ടതും എന്തുകൊണ്ടാണ്? എന്തായിരുന്നു മാധ്യമങ്ങൾക്ക് ഇത്തരം വിഷയങ്ങളിലുള്ള നിലപാട്? ലോക്സഭാ തെരഞ്ഞെടുപ്പ് മാധ്യമങ്ങൾ എങ്ങനെ കൈകാര്യം ചെയ്തുവെന്നത് വിശകലന വിധേയമാക്കേണ്ടതാണ്.

എ.ആർ അഹ്മദ് ഹസൻ
പെരിങ്ങാടി, മാഹി

# മനസ്സിലാകാത്ത ആധുനികതാ വിമർശം

‘**ആധുനികതാ** വിമർശം, സ്വത്വരാഷ്ട്രീയം, ഇസ്‌ലാമിക പ്രസ്ഥാനം’ എന്ന തലക്കെട്ടിൽ അനീസുദ്ദീൻ അഹ്മദ് എഴുതിയ ലേഖനം (ലക്കം 44,45) അതിന്റെ മനസ്സിലാകായ്മ കൊണ്ട് ശ്രദ്ധേയമായി. ചർച്ച ചെയ്യപ്പെടുന്ന വിഷയം വായനക്കാർക്ക് സാമാന്യമെങ്കിലും ബോധ്യമാവുക എന്നതിലപ്പുറം ഭാഷാ പ്രാവീണ്യം പ്രകടിപ്പിക്കാനുള്ള വേദിയായി *പ്രബോധന*ത്തിന്റെ താളുകൾ ഉപയോഗപ്പെടുത്തരുതെന്ന് വിനീതമായ അപേക്ഷ. പ്രയോഗിക്കപ്പെട്ട ഒട്ടേറെ പദങ്ങൾക്ക് സാധാരണക്കാർക്ക് പരിചയമുള്ള വാക്കുകൾ ലഭ്യമായിരുന്നുതാനും. ഇസ്‌ലാമിന്റെ ‘വൈശ്വികമായ പൊതുവിചാരമാതൃകകൾ’ക്ക് പകരം ‘വിശ്വ/ആഗോള പൊതു ചിന്താധാരകൾ’ എന്നായിരുന്നെങ്കിൽ ഏറെപ്പേർക്ക് അതു മനസ്സിലാകുമായിരുന്നു. ലേഖനത്തിലുടനീളം ഈ പ്രവണത കാണാം. സ്വത്വരാഷ്ട്രീയത്തിന്റെ പരിമിതികളെക്കുറിച്ച് റശീദ് അറാഈനിന്റെ കൃതിയിൽ നിന്നുള്ള ഉദ്ധരണി എളുപ്പം ഉൾക്കൊള്ളാൻ കഴിയുന്നത്, മലയാളത്തിലേക്ക് പരിഭാഷപ്പെടുത്താത്തതുകൊണ്ടായിരിക്കുമോ? വിക്കീപീഡിയ പോലുള്ള വെബ് സൈറ്റുകൾ സന്ദർശിച്ചവർക്കറിയാം, സങ്കീർണ വിഷയങ്ങൾ വരെ എത്ര ലളിതമായാണ് അവതരിപ്പിക്കാൻ സാധിക്കുകയെന്ന്. വായനക്കാർക്കും സമൂഹത്തിനും സത്യദീനിനെ ബോധിപ്പിക്കുകയാണ് *പ്രബോധന*ത്തിന്റെ ദൗത്യമെന്നിരിക്കെ, ഇത്തരം കടുകട്ടി അവതരണങ്ങൾ ഒഴിവാക്കുകയാണ് ഉത്തമം.

കെ. അബൂത്വാഹിർ നണ്ടൻകിഴായ,
പാലക്കാട്
k.abuthaheer@gmail.com